**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1703** **13-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദേശ വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ഒരു ജനപക്ഷ-വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നതവിദ്യാഭ്യാസമേഖലയെ ആഗോള ഹബ്ബാക്കി മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരളത്തെ ഒരു ജനപക്ഷ-വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള ഹബ്ബാക്കി മാറ്റുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ നടപിലാക്കിവരുന്നു.<br><br>**സ്റ്റഡി ഇൻ കേരള :**<br><br>കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജിയിൽ (CUSAT) വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു.<br><br>**സെന്റർ ഓഫ് എക്സലൻസ്:**<br><br>കേരള സർവ്വകലാശാല, കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ യഥാക്രമം (1), Thanu Padmanabhan Centre of Excellence in Astronomy and Astrophysics, (2), Centre of Excellence in Neuro degeneration and Brain Health, (3) Centre of Excellence in Nano Science & Nanotechnology എന്നീ മികവിന്റെ കേന്ദ്രങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സ്വയംഭരണ |

സ്ഥാപനങ്ങൾ എന്ന നിലയിൽ 7 സെന്റർ ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>നാലുവർഷ ബിരുദ പ്രോഗ്രാം :</u>**

സംസ്ഥാനത്ത് ഈ അധ്യയന വർഷം മുതൽ 8 സർവ്വകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്.

**<u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം :</u>**

സംസ്ഥാനത്തെ സർകലാശാലകളി ലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും ആയി വിഭാവനം ചെയ്തിട്ടുളള പദ്ധതിയാണിത്.

**<u>ബ്രെയിൻ ഗെയിൻ:</u>**

ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാബെയ്സ് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ.

**<u>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC):</u>**

നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി SAAC എന്ന സംസ്ഥാനതല അക്രഡിറ്റേഷൻ സംവിധാനം രൂപീകരിച്ചു.

**<u>ഇ ജേർണൽ കൺസോർഷ്യം :</u>**

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) 2022-23 ൽ രൂപീകരിച്ചു.

**<u>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:</u>**

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്.

**കൈരളി ഗവേഷണ പുരസ്കാരങ്ങൾ:**

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ.

**K-REAP :**

സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യാ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. K-REAP ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. 2024 - 25 അദ്ധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കാലടി, മലയാളം സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

**ഡിജികോൾ:**

ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital' DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കം കുറിച്ചു.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):**

സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് ( Kerala Academic Library Network -KALNET) പ്രവർത്തനം ആരംഭിച്ചു.

**ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി :**

കേരളത്തിലെ ഗവൺമെന്റ്/എയിഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണേലതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയിഡഡ് കോഴ്സുകൾ)

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ പഠനം നടത്തുന്നതിനായി അപേക്ഷിച്ചിട്ടുള്ളതും അഡ്മിഷൻ നേടിയിട്ടുള്ളതുമായ വിദേശ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരം അക്കാഡമിക് വർഷം തിരിച്ചും സർവ്വകലാശാല തിരിച്ചും ലഭ്യമാക്കുമോ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വിദേശ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ**

| സർവ്വകലാശാലകൾ | അധ്യയന വർഷം | അപേക്ഷിച്ചവർ | അഡ്മിഷൻനേടിയവർ |
|---|---|---|---|
| കേരള സർവ്വകലാശാല | 2021-22 | 1098 | 47 |
| | 2022-23 | 1200 | 49 |
| | 2023-24 | 1600 | 79 |
| | 2024-25 | 2600 | 97 |
| മഹാത്മാഗാന്ധി സർവ്വകലാശാല | 2021-22 | 294 | 35 |
| | 2022-23 | 348 | 41 |
| | 2023-24 | 583 | 71 |
| | 2024-25 | 867 | 49 |
| കാലിക്കറ്റ് സർവ്വകലാശാല | 2021-22 | | 3 |
| | 2022-23 | | 10 |
| | 2023-24 | | 28 |
| | 2024-25 | | 7 |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2021-22 | 603 | 25 |
| | 2022-23 | 800 | 27 |
| | 2023-24 | 1100 | 13 |
| | 2024-25 | 1410 | 15 |
| കണ്ണൂർ സർവ്വകലാശാല | 2022-23 | | 2 |
| | 2023-24 | | 1 |
| | 2024-25 | | 1 |
| ന്യൂവാൽസ് | | | 2 |
| ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല | 2023-24 | | 1 |
| എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി | 2021-22 | | 12 |
| | 2022-23 | | 8 |
| | 2023-24 | | 5 |

| | | | |
|---|---|---|---|
| | 2024-25 | | 19 |

